ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1994-95 മുതൽ നാളിതുവരെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് വച്ച 19 ജോലികൾ ചെയ്തു തീർക്കാനുണ്ട്. 1-4-94 മുതൽ 31-3-96 വരെ മിനിമം ഗ്യാരണ്ടി വച്ച ജോലികൾ ചെയ്തു തീർക്കാൻ ഈ വർഷം ലക്ഷ്യമിട്ടിട്ടുണ്ട്. ഇതനുസരിച്ച് 10 ജോലികൾ മുൻഗണനാക്രമമനുസരിച്ച് ഈ സാമ്പത്തിക വർഷം ചെയ്തു തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി&സി) ഉണ്ട്. 90 പേർക്ക് കണക്ഷൻ നൽകാനുണ്ട്. മുൻഗണനാക്രമം അനുസരിച്ചും സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ചും ഈ സാമ്പത്തിക വർഷം ഇതിനുള്ള പണികൾ ചെയ്തു തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൊടുങ്ങല്ലൂരിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്താനുള്ള നടപടി

80 (920) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ ഇപ്പോൾ നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.സ്റ്റേഷൻ ആക്കണമെന്നുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ;

(സി) 66 കെ.വി സ്റ്റേഷൻ 110 കെ.വി. സ്റ്റേഷൻ ആക്കുന്നതിനുള്ള ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യങ്ങളിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ടു നൽകാൻ തൃശ്ശൂർ ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിംഗ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം നടപടി എടുക്കുന്നതാണ്.

ചാലിപ്പുഴ ജലവൈദ്യുത പദ്ധതി

81 (921) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽപ്പെട്ട ചാലിപ്പുഴ ജലവൈദ്യുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും പഠനമോ അന്വേഷണമോ നടത്തിവരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly